സബ്മിഷൻസ്

(1) സി.ആർ.ഇസെഡ് അനുമതി

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തീരപ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്കും സ്ഥലം ഉള്ളവർക്കും വീട് വയ്ക്കുന്നതിനും പുതുക്കുന്നതിനും അനുവാദം ലഭിക്കുന്നതിന് സി.ആർ.ഇസെഡ് നിയമപ്രകാരം എൻ.ഒ.സി. ലഭിക്കണം. ഇതിനുള്ള അനുമതിക്ക് അനുവാദം ലഭിക്കേണ്ടത് തിരുവനന്തപുരത്തെ ഓഫീസ് മുഖാന്തരമാണ്. ഇതുകാരണം പാവപ്പെട്ടവരും കടലിൽ പണിയെടുക്കുന്നവരുമായ ചെറിയ വീടുകൾ വയ്ക്കുന്നവരാണ് കൂടുതലായി ബുദ്ധിമുട്ടുന്നത്. ഇത് ഒഴിവാക്കാൻ ചെറിയ വീടുകൾ വയ്ക്കുന്നവർക്ക് ചുരുങ്ങിയത് 600 സ്ക്വയർ ഫീറ്റ് വരെയുള്ള ഒറ്റനില കെട്ടിടങ്ങളുടെ അനുമതി നൽകുന്നതിന് അധികാരവികേന്ദ്രീകരണം നടത്തി ജില്ലകളിൽ പരിശോധനയും അനുമതിയും നൽകുന്നതിനാവശ്യമായൊരു സംവിധാനം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ തീരദേശ മേഖലയിൽ സി.ആർ.ഇസെഡ് മാനദണ്ഡങ്ങൾ പാലിച്ച് ഗൃഹനിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-ൽ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച

തീരമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ കേരളത്തിന് അനുയോജ്യമല്ല. കേരള തീരത്ത് ജനസാന്ദ്രത ഏറ്റവും കൂടുതലാണ്. ഇക്കാര്യങ്ങൾ നിരവധിതവണ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ടൗൺ പ്ലാനർ മെമ്പർ സെക്രട്ടറിയായും പരമ്പരാഗത തീരദേശവാസികളുടെ മൂന്ന് പ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ മെമ്പർമാരുമായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 10-10-2017-ലെ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗ തീരുമാനപ്രകാരം ആദ്യഘട്ടമായി എറണാകുളം, തിരുവനന്തപുരം, കോട്ടയം, കണ്ണൂർ കാസർഗോഡ് എന്നീ ജില്ലകളിലെ കമ്മിറ്റികളുടെ പ്രവർത്തനം തുടങ്ങുവാനും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്റർ വരെ വരുന്ന കെട്ടിടങ്ങളുടെ സി.ആർ.ഇസെഡ് ക്ലിയറൻസിനുവേണ്ടിയുള്ള അപേക്ഷകൾ പ്രസ്തുത കമ്മിറ്റിക്ക് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനായി പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം നാല് ജില്ലാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ തീർപ്പാക്കാൻ അവശേഷിക്കുന്ന മുഴുവൻ കേസ്സുകളും സമയബന്ധിതമായി

തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(2) കുടിവെള്ളക്ഷാമം

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: സർ, സംസ്ഥാനത്ത് കൊടും വരൾച്ച അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട്. ജില്ലയുടെ വരൾച്ചാതോത് നാൾക്കുനാൾ ഏറിവരികയാണ്. ഇനി വരുന്ന മാസങ്ങളിലെ അതികഠിനമായ വേനൽ ഭൂഗർഭ ജലത്തിന്റെ അളവിനെയും കുടിവെള്ള ലഭ്യതയെയും സാരമായി ബാധിക്കുകയും ചെയ്യും. കാർഷിക പ്രാധാന്യമുള്ള ജില്ലയാണ് പാലക്കാട്. വരൾച്ച മൂലം കൃഷിനാശവും ഉണ്ടാകുന്നു. ഇപ്പോൾതന്നെ താപനില 40 ഡിഗ്രി കഴിഞ്ഞിരിക്കുകയാണ്. ജില്ലയിലെ തന്നെ വരൾച്ചയുടെ അടിസ്ഥാനത്തിലുള്ള ക്രിട്ടിക്കൽ സോണാണ് മലമ്പുഴ പ്രദേശം. കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനും ഏക ആശ്രയമായ മലമ്പുഴ ഡാമിന്റെ സംഭരണശേഷി കൊടുംവരൾച്ച മൂലം ഏറെ താഴ്ന്ന നിലയിലാണ്. മണ്ഡലത്തിലെ എട്ട് പഞ്ചായത്ത് പ്രദേശങ്ങളിലും ഇപ്പോൾ തന്നെ ജനം കുടിവെള്ളത്തിനായി ബുദ്ധിമുട്ടുകയാണ്. മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിശേഷിച്ച്, പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന മലമ്പുഴ അകമലവാരം, പുതുശ്ശേരിയിലെ വാളയാർ

പ്രദേശങ്ങളിലൊക്കെ വാട്ടർ കിയോസ്കുകൾ വഴിയും ടാങ്കർ ലോറിയിൽ വെള്ളം എത്തിച്ചുമാണ് താത്കാലിക പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഇതിന് പുറമെയാണ് വ്യാവസായിക ആവശ്യങ്ങൾക്കായി ജലം മലമ്പുഴ റിസർവോയറിൽ നിന്ന് എടുക്കുന്നതിനുള്ള നടപടികൾ തുടരുന്നത്. ഈ വിഷയം ഞാൻ ഇതിനകം സഭയുടെ ശ്രദ്ധയിൽ സബ്മിഷനിലൂടെ കൊണ്ടുവന്നതാണ്. മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനായി 2017-18-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 75 കോടി രൂപ വകയിരുത്തി വിവിധ ഗ്രാമപഞ്ചായത്തുകളെ അടിസ്ഥാനപ്പെടുത്തിയാണ് മലമ്പുഴ കുടിവെള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റി 2017 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചെങ്കിലും പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പോലും ഇതുവരെ അംഗീകാരമായിട്ടില്ല എന്ന് മനസ്സിലാക്കുന്നു. സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ സന്ദർഭത്തിൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി തുടങ്ങുവാൻ കഴിയുന്നില്ല എന്നത് ആശങ്കാജനകമാണ്. പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ ഉന്നതതല

സംഭരണികൾ, അതിലേക്കുള്ള പമ്പിംഗ് മെഷീനുകൾ, ക്ലിയർ വാട്ടർ പമ്പ് ഹൗസ് എന്നിവയൊക്കെ സാക്ഷാത്കരിക്കപ്പെടുമ്പോൾ മാത്രമേ മലമ്പുഴയിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമായി പദ്ധതി മാറുകയുള്ളൂവെന്നതിൽ സംശയമില്ല. 2018-19-കളിലെ ബഡ്ജറ്റിലും ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കായുള്ള അംഗീകാരവും ലഭ്യമായിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. ആയതിനാൽ മലമ്പുഴ മണ്ഡലത്തിലെ ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിനും അതുവഴി പാലക്കാട് ജില്ലയിലെ പൊതുവിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, വേനൽ അതി കഠിനമായി അനുഭവപ്പെടുന്ന ഒരു ജില്ലയാണ് പാലക്കാട് ജില്ല. താപനില വളരെ ഉയർന്നിരിക്കുന്നുവെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. പാലക്കാട് ജില്ലയിലെ മലമ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് വേണ്ട പരിഗണന ഈ വേനൽക്കാലത്തും തുടർന്നും നൽകേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ്

കണ്ടെത്തിയിട്ടുണ്ട്. മലമ്പുഴ നിയോജകമണ്ഡലത്തിലെ മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, മരുതറോഡ്, മുണ്ടൂർ (പാർട്ട്) എന്നീ പഞ്ചായത്തുകളിൽ ബഹുമാനപ്പെട്ട വി.എസ്. അച്യുതാനന്ദൻ ചൂണ്ടിക്കാണിച്ചതുപോലെ 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 75 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മേൽപ്പറഞ്ഞ 5 പഞ്ചായത്തുകളിൽ ആവശ്യമായ ജലസംഭരണികൾ അതിലേക്കുള്ള പമ്പിംഗ് മെയിനുകൾ, കൂടാത മലമ്പുഴ റിംഗ് റോഡിൽ ജലവിതരണത്തിനുള്ള പൈപ്പുകൾ, പമ്പ് സെറ്റുകൾ, എല്ലാ ജലസംഭരണികളിൽ നിന്നും നിലവിലുള്ള വിതരണ ശൃംഖലയിലേക്ക് ജലവിതരണ മെയിൻ പൈപ്പ് ലൈൻ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോങ്ങാട് ഭാഗത്തേക്കുള്ള ജലവിതരണ പൈപ്പുകൾ ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതാണ്. മലമ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട പുതുശ്ശേരി, കൊടുമ്പ് പഞ്ചായത്തുകളിൽ സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ജലവിതരണം നടത്തി വരുന്നുണ്ട്. എലപ്പുള്ളി പഞ്ചായത്തിൽ ഇപ്പോൾ സ്റ്റേറ്റ് പ്ലാൻ ഒപ്റ്റിമൈസേഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയിൽ എലപ്പുള്ളി,

നല്ലേപ്പിള്ളി, പെരുമാട്ടി, പട്ടഞ്ചേരി എന്നീ പഞ്ചായത്തുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടമായി ശുദ്ധീകരണ ശാലയുടെ പ്രവൃത്തിയാണ് ഇപ്പോൾ നടന്നുവരുന്നത്. 2017-18-ലെ ബഡ്ജറ്റിൽ മുണ്ടൂർ പഞ്ചായത്തിൽ കോങ്ങാട് പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഭാഗം കാഞ്ഞിരപ്പുഴ ഡാം സ്രോതസ്സാക്കി കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാലക്കാട് ജില്ലയിലെ എലപ്പുള്ളി, നല്ലേപ്പിള്ളി, പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതികളുടെ രണ്ടാംഘട്ടവും ഉൾപ്പെടെ 5 പദ്ധതികൾ കിഫ്ബിയിലേക്ക് മാറ്റുന്നതിന് വേണ്ടിയുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. നിലവിലുള്ള വിതരണ ശൃംഖലയിൽ വാൽവുകൾ ക്രമീകരിച്ച് കുടിവെള്ള വിതരണം ഉറപ്പാക്കുന്നുണ്ട്. ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ ചൂണ്ടിക്കാണിച്ച ആദിവാസി മേഖലയിൽ കഴിഞ്ഞ വരൾച്ചാ കാലത്ത് സ്ഥാപിച്ച 16 വാട്ടർ കിയോസ്കുകൾ അവിടെയുണ്ട്. വെള്ളത്തിന്റെ ക്ഷാമം രൂക്ഷമാകുമ്പോൾ ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പുമായി ആലോചിച്ച്

കുടിവെള്ള വിതരണം സാദ്ധ്യമാക്കാൻ ആവശ്യമായ ജലം ലഭ്യമാക്കി കൊടുക്കുന്നതാണ്. സംസ്ഥാനതലത്തിൽ വരൾച്ച സംബന്ധിയായ സ്ഥിതികൾ വിലയിരുത്തുന്നുണ്ട്. പാലക്കാട് ജില്ലയിൽ ഉൾപ്പെടെ ജല സംഭരണികളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന മെച്ചമാണ്. IDRB-യിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് മാർച്ച് മാസം 3-ാം തീയതി മലമ്പുഴ ഡാമിൽ 35.15 mm^3 ജലം ലഭ്യമാണ്. ഇത് കഴിഞ്ഞ വർഷം ഇതേ തീയതിയിൽ ലഭ്യമായ ജലത്തിന്റെ അളവിനേക്കാൾ **2.58 m**m^3 കൂടുതലാണ്. ലഭ്യമായ ജലം പരമാവധി കുടിവെള്ള വിതരണത്തിന് കരുതി വച്ചതിനുശേഷം മിച്ചമുള്ള ജലം ജലസേചനത്തിന് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മലമ്പുഴ ഡാം സ്രോതസ്സായ പാലക്കാട് ജില്ലയിലെ പദ്ധതികൾ കൂടാതെ തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴ സ്രോതസ്സായുള്ള പദ്ധതികൾക്ക് വേണ്ടി ഭാരതപ്പുഴയിൽ നീരൊഴുക്ക് നിലനിർത്തുവാൻ മലമ്പുഴയിൽ നിന്നും കഴിഞ്ഞ വർഷം ജലം തുറന്നുവിടേണ്ടി വന്നിട്ടുണ്ട്. ജലത്തിന്റെ അളവ് കൂടി കരുതൽ ശേഖരമായി കണക്കാക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. മലമ്പുഴ ജലസേചന പദ്ധതിയിൽ കുടിവെള്ള ആവശ്യത്തിന് മുന്തിയ പരിഗണന നൽകി കനാലുകളിലൂടെ കൃഷി ആവശ്യത്തിനുള്ള ജലവിതരണം 2018 ഫെബ്രുവരി 8-ന് അവസാനിപ്പിച്ചു. പാലക്കാട്

മുനിസിപ്പാലിറ്റിയിലേക്കും സമീപത്തുള്ള ആറ് പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഒരു മാസത്തേക്ക് രണ്ട് മില്യൺ m^3 എന്ന തോതിൽ 5 മാസത്തേക്കായി 10 മില്യൺ ക്യൂബിക് മീറ്റർ ജലം ഡാമിൽ സംഭരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭാരതപ്പുഴയിൽ ഷൊർണ്ണൂർവരെയുള്ള തടയണകൾ നിറയ്ക്കുന്നതിനായി പത്ത് മില്യൺ ക്യൂബിക് മീറ്റർ ജലം ഡാമിൽ ശേഖരിച്ചിട്ടുണ്ട്. മലമ്പുഴ പഞ്ചായത്തിലെ നിലവിലുള്ള കടുക്കാംകുന്ന് തടയണ പൂർണ്ണമായി ഉപയോഗയുക്തമാക്കി ജലസംഭരണം നടത്തുന്നതിനായി പുനരുജ്ജീവന പ്രവർത്തികൾ നടപ്പിലാക്കുന്നു. പുതുശ്ശേരി പഞ്ചായത്തിലെ മൂന്നാം വാർഡിൽ നിലവിലുള്ള വലിയേരി കുളത്തെ ഉൾപ്പെടുത്തി അതിന് സമീപത്തുകൂടി ഒഴുകുന്ന കുപ്പാലൻചള്ള തോടിന് കുറുകെ തടയണ കെട്ടി ജലം സംഭരിച്ച് കുടിവെള്ളത്തിനും കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കും ഫലപ്രദമായി വിനിയോഗിക്കുന്നതിന് പത്ത് കോടി രൂപ ചെലവുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ പര്യവേഷണ പ്രവർത്തികൾക്കുശേഷം വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതാണ്. 2017-18 വർഷത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മലമ്പുഴ നിയോജകമണ്ഡലത്തിൽ ഏഴ് കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയാണ്. 1) അകത്തേത്തറ

ഗ്രാമപഞ്ചായത്തിലെ ചേന്നമംഗലം ശിവക്ഷേത്രക്കുളം 2) കൊടുമ്പ് പഞ്ചായത്തിലെ തെരുവീഥിക്കുളം, 3) മരുതറോഡ് പഞ്ചായത്തിലെ വാർഡ് നമ്പർ 5-ലെ പീലിക്കോട്ടുകുളം 4) മുണ്ടൂർ പഞ്ചായത്തിലെ ചക്കംകുളം 5) പുതുപ്പരിയാരം പഞ്ചായത്തിലെ ചന്ദനഭഗവതി ക്ഷേത്രക്കുളം, 6) പുതുശ്ശേരി പഞ്ചായത്തിലെ സത്രക്കുളം 7) എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ മിച്ചഭൂമി കുളം. വെണ്ണക്കര പ്രദേശത്ത് പരദേശി കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പര്യവേഷണം നടത്തിയതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പ്രവൃത്തികൾ എല്ലാം കൂടി സ്വീകരിച്ചുകൊണ്ട് അവിടെയുണ്ടാകുന്ന കടുത്ത ജലക്ഷാമത്തെ നേരിടാനുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് തലത്തിൽ ഗ്രാമപഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടത്തിവരുന്നത്.

(3) <u>ചീക്കോട് കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അതീവ ഗുരുതരമായ കുടിവെള്ള പദ്ധതിയുടെ കാര്യമാണ് ഞാൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതികളിലൊന്നാണ് ചീക്കോട് കുടിവെള്ള പദ്ധതി. ഇപ്പോൾ 41 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയും ആറ് ടാങ്കുകളിലായി 1,45,000 ലിറ്റർ വെള്ളം സംഭരിച്ചുകഴിഞ്ഞ ഒരു കുടിവെള്ള പദ്ധതിയാണിത്. ഇത് ഭാഗികമായി

രണ്ടുവർഷം മുമ്പ് കമ്മീഷൻ ചെയ്തതാണ്. എന്നുപറഞ്ഞാൽ ആറ് ടാങ്കുകളിലായി വെള്ളം നിറഞ്ഞുനിൽക്കുകയാണ്. എന്നാൽ ആ ടാങ്കിന് താഴെയുള്ള ജനവിഭാഗങ്ങൾക്കും കുടുംബങ്ങൾക്കും വെള്ളം ഇന്നൊരു കിട്ടാക്കനിയാണ്. അതിനുവേണ്ടിയുള്ള വിതരണ ശൃംഖല ഇന്നുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം തുകയൊന്നും അതിനുവേണ്ടി നൽകിയില്ല എന്നുമാത്രമല്ല അതിന്റെ വിതരണശൃംഖലയ്ക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന മൂന്ന് പദ്ധതികൾ, അതിൽ ഒരു പദ്ധതി ആറ് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും സമീപത്തെ രണ്ട് മണ്ഡലങ്ങളിലെ ഒരു മുനിസിപ്പാലിറ്റിയും മറ്റൊരു പഞ്ചായത്തുമാണ് ഈ പദ്ധതിയുടെ കീഴിലുള്ളത്. എന്നാൽ ഈ പഞ്ചായത്തുകളിൽ ജലനിധി വെള്ളം കൊടുക്കട്ടെ എന്ന് പറഞ്ഞ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന 8 കോടി രൂപയുടെ നബാർഡിന്റെ ഫണ്ട് നിർത്തിവച്ചു. അത് ടെണ്ടർ ഓപ്പൺ ചെയ്യാൻ പോലും തയ്യാറായില്ല. ജലനിധി അവിടെയുള്ള വിതരണ ശൃംഖല ഏറ്റെടുക്കുമെന്ന് പറഞ്ഞു. എന്നാൽ ഇന്ന് ജലനിധിയുടെ ഒരു കാര്യവും കാണുന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലേക്കാണെങ്കിൽ വാട്ടർ അതോറിറ്റി നേരിട്ട് വെള്ളം കൊടുക്കുമെന്ന് പറഞ്ഞിട്ട് ഒരുപാട് സാങ്കേതികത്വം

പറഞ്ഞ് അതിന് ഫണ്ട് ബഡ്ജറ്റിൽ നീക്കിവച്ചില്ല എന്നുമാത്രമല്ല അവിടെ കൊടുക്കാനുള്ള പ്രൊപ്പോസൽ വന്നപ്പോൾ അതിന് സാങ്കേതികത്വം പറഞ്ഞ് അതും പാതിവഴിയിലാണ്. ഇങ്ങനെ സംഭരണശേഷിയിൽ വെള്ളമെത്തിക്കുകയും ജനങ്ങൾക്ക് വെള്ളം കിട്ടാക്കനിയായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ നബാർഡിന്റെ 12 കോടി രൂപയുടെ പ്രവൃത്തിയും എസ്.എൽ.എസ്.എസ്.സി.-യുടെ 20 കോടി രൂപയുടെ പ്രവൃത്തിയും തടസ്സപ്പെട്ടുകിടക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...... രണ്ട് മിനിട്ടായി.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> രണ്ട് മിനിട്ടേ ആയിട്ടുള്ളൂ. വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് കാശ് കെട്ടിവയ്ക്കാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ട് ചെയ്യാൻ അനുമതി കൊടുത്തിട്ടില്ല. അടിയന്തരമായി വാട്ടർ അതോറിറ്റി പൊതുമരാമത്ത് റോഡുകൾ കേടുവരുന്നത് Restore ചെയ്യാൻവേണ്ടിയുള്ള കാശ് കെട്ടിവയ്ക്കണമെന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, പുതിയ വിതരണശൃംഖലയ്ക്കുവേണ്ടി അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ജലനിധിയാണെങ്കിൽ ജലനിധി, വാട്ടർ അതോറിറ്റിയാണെങ്കിൽ വാട്ടർ അതോറിറ്റി. മൂന്നാമത്തെ കാര്യം, ഇതേ ആളുകളുടെ മുമ്പിലുള്ള ടാങ്കിൽനിന്നും എയർപോർട്ട് അതോറിറ്റിക്കുവേണ്ടി വെള്ളം

കൊടുക്കുന്നതിന് പഞ്ചായത്തിന്റെ റോഡ് കട്ട് ചെയ്യുന്നതിന് പഞ്ചായത്തിന്റെ അനുമതി വേണ്ട, പി.ഡബ്ല്യൂ.ഡി.-യുടെ അനുമതി കിട്ടിയിട്ടുണ്ടോയെന്ന് അറിയില്ല. അതുപോലെതന്നെ തൊട്ടടുത്ത മണ്ഡലത്തിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്നു. ഇതിന്റെയൊക്കെ ദുരിതം അനുഭവിക്കുന്ന ആളുകൾക്ക് വെള്ളം കിട്ടുന്നില്ല. സംഭരണശേഷിയിൽനിന്നുള്ള വേസ്റ്റ് ജലം ഒഴുകുന്ന ചീക്കോട് പഞ്ചായത്തിലെ ജനങ്ങൾക്ക് വെള്ളം കിട്ടുന്നില്ല. സമീപത്തുള്ള റോഡ് കട്ട് ചെയ്തതിന്റെ ദുരിതം അനുഭവിക്കുന്നവർ, ഏറ്റവും പ്രധാനപ്പെട്ട റോഡിൽ 7 മരണങ്ങളുണ്ടായി. ട്രെഞ്ച് എടുത്തിട്ട് അത് Restore ചെയ്യാത്തതിന്റെ പേരിൽ. കൊണ്ടോട്ടി-എടവണ്ണപ്പാറ റോഡിൽ വാട്ടർ അതോറിറ്റി ട്രെഞ്ച് എടുത്തിട്ട് അതിന് കാശ് കെട്ടിവയ്ക്കാത്തതുകൊണ്ട് ആ റോഡ് Restore ചെയ്തിട്ടില്ല. മാത്രമല്ല, ആ ഗട്ടറിൽ കുടുങ്ങി 7 മരണങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇങ്ങനെയുള്ള അതീവഗുരുതരമായ ഒരു സാഹചര്യമുണ്ട്. ജനങ്ങൾ വലിയ പ്രതിഷേധത്തിലാണ്. സർവ്വകക്ഷി ആക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, ഇന്ന് മന്ത്രിയെ കാണാൻപോലും ആക്ഷൻ കമ്മിറ്റിയുടെ ആളുകൾ വന്നിട്ടുണ്ട്. ഈ രീതിയിലുള്ള സ്ഫോടനാത്മകമായ സാഹചര്യം കൊണ്ടോട്ടി മണ്ഡലത്തിലുണ്ട്. ചീക്കോട് കുടിവെള്ള പദ്ധതിക്ക് കീഴിലുണ്ട്. അതുകൊണ്ടുതന്നെ ഇത്

അടിയന്തരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം തേടുകയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉദ്ദേശിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ട്രീറ്റുമെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ജലസംഭരണികൾ എന്നിവ നബാർഡ് ധനസഹായത്തോടെ 80.72 കോടി രൂപയ്ക്ക് അനുമതി ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പൂർത്തീകരിച്ച് 28.02.2016-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. മേൽ പ്രവൃത്തിയിൽ 20.12 കിലോമീറ്റർ വിതരണ ശൃംഖലയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി 2013-ൽ 22 കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്.-19-ൽ 12.54 കോടി രൂപയുള്ള പദ്ധതിക്കും അംഗീകാരം ലഭിച്ചിരുന്നു. അതൊക്കെ 2013-ൽ കിട്ടിയ അംഗീകാരങ്ങളാണ്. മൊത്തം ചീക്കോട് പദ്ധതിയിൽ ഏകദേശം 120 കിലോമീറ്റർ വിതരണ ശൃംഖലയ്ക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇതിനുപുറമേ ചീക്കോട് പദ്ധതിയിൽ ഉൾപ്പെട്ട 6 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 2014-ൽ എസ്.എൽ.എസ്.എസ്.സി.-ൽ 8 കോടി രൂപയുടെ അനുമതിയും ലഭിച്ചു. എന്നാൽ

ഈ വിതരണശൃംഖലയുടെ നിർമ്മാണം ജലനിധി മുഖാന്തരം നടപ്പാക്കാമെന്ന നിർദ്ദേശപ്രകാരം മേൽ ഭരണാനുമതി പിന്നീട് റദ്ദുചെയ്യുകയുണ്ടായി. ജലനിധി പ്രസ്തുത പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ 92.5 കിലോമീറ്റർ വിതരണശൃംഖല പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധിയുടെ ഡി.പി.ആർ. അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം വേഗതയിലാക്കാൻവേണ്ടി നിർദ്ദേശം കൊടുക്കുന്നതാണ്.

നിലവിൽ ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണ, വാഴയൂർ, പുളിക്കൽ, ചെറുകാവ് എന്നീ പഞ്ചായത്തുകളിലും കൊണ്ടോട്ടി, രാമനാട്ടുകര എന്നീ മുനിസിപ്പാലിറ്റികളിലുമാണ് ഭാഗികമായി ജലവിതരണം നടത്തിവരുന്നത്. വിതരണശൃംഖലയിലെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി വാഴക്കാട് പഞ്ചായത്തിലും ജലവിതരണം നടത്താൻ കഴിയുന്നതാണ്. ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും നിലവിലുള്ളതും പുതിയതുമായി ഇതുവരെ 3,479 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച വിതരണ ശൃംഖലയിൽനിന്നും കൂടുതൽ ഗാർഹിക കണക്ഷനുകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പ്രവൃത്തികൾക്ക് പുറമെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ആവശ്യകതകൂടി പരിഗണിച്ച് ചീക്കോട് പദ്ധതിയുടെ ജലലഭ്യത ഉറപ്പാക്കിക്കൊണ്ട്

വിപുലീകരണത്തിനുള്ള പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

(4) കോട്ടയം ജില്ലയിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 4 പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് മാത്രം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഇതിനകത്ത് നേരത്തെതന്നെ ഇന്റർഫിയർ ചെയ്ത് ചില കാര്യങ്ങൾ പറഞ്ഞിട്ടുള്ളതാണ്. പക്ഷെ, ദൗർഭാഗ്യവശാൽ അതിന്റെ ഒരു മൂവ്മെന്റ് അവിടെ വന്നില്ലായെന്നുള്ളതാണ് വീണ്ടും ഇതൊരു സബ്മിഷനായി ഞാനിവിടെ ഉന്നയിക്കാനുള്ള കാരണം. കോട്ടയം പട്ടണമെന്ന് പറയുന്നത് എപ്പോഴും ഗതാഗത കുരുക്കിന്റെ സ്ഥലമാണ്. ഇവിടെയുള്ള ഒട്ടുമുക്കാൽ ആളുകളും ആ പ്രദേശത്ത് വന്നിട്ടുണ്ട്. ആ കുരുക്കിൽ പെട്ടിട്ടുമുണ്ട്. ആ കുരുക്കിൽനിന്നും ഒരു നാടിനെ രക്ഷിക്കാൻ വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ചില വർക്കുകളുടെ കാര്യമാണ്, കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, ഈരയിൽക്കടവ്-മണിപ്പുഴ റോഡ് തുടങ്ങിയവയെല്ലാം പണി പൂർത്തിയായി ടാറിംഗ് മാത്രമായി അവശേഷിക്കുകയാണ്. അതുകൂടി ഇട്ടുകഴിഞ്ഞാൽ ആ പ്രശ്നം അവസാനിക്കും, ആ റോഡ് ഉപയോഗപ്രദമാക്കാൻ പറ്റും, പട്ടണത്തിന് റിലീഫാകും. പടിഞ്ഞാറൻ ബൈപ്പാസെന്ന് പറയുന്നത്, നാട്ടകം ട്രാവൻകൂർ സിമന്റ്സ് മുതൽ ഗ്രാമഞ്ചിറ,

പാറോച്ചാൽ തിരുവാതുക്കൽ റോഡ് ഉണ്ടെങ്കിൽ കോട്ടയം പടിഞ്ഞാറൻ ബൈപ്പാസായി പോകും. കോട്ടയം പട്ടണത്തിൽ ഇന്ന് കാണുന്ന ഈ ദുരതത്തിൽ നിന്ന് ഭാഗികമായ ഒരു മോചനവും ഉണ്ടാകും. അത് നബാർഡ് വർക്കാണ്. നബാർഡിൽനിന്നും 59 കോടി രൂപ വായ്പയെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന വർക്കാണ്. ആ വർക്കും വളരെ മന്ദഗതിയിൽ പോകുകയാണ്. അങ്ങ് 2 കോൺഫറൻസ് വിളിച്ചുകൂട്ടി ഇത് സ്പീഡാക്കണമെന്ന് പറഞ്ഞു. ആ പറഞ്ഞ സമയത്ത് അത് സ്പീഡ് ചെയ്തു. പക്ഷെ പിന്നീട് അത് പഴയ രൂപത്തിലേയ്ക്ക് താഴ്ന്ന്താഴ്ന്ന് പോകുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട റോഡ് എന്ന നിലയിൽ അങ്ങ് ഇത് നോക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോട്ടയത്തിന്റെ ഹൃദയരേഖയെന്ന് പറയാൻ പറ്റുന്നത് ശാസ്ത്രി റോഡാണ്. ശാസ്ത്രി റോഡിന്റെ നവീകരണത്തിനുവേണ്ടിയുള്ള ഒരു നടപടി അടിയന്തരമായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോടിമത രണ്ടാം പാലം - അങ്ങ് പല പ്രാവശ്യവും കോട്ടയം വഴി വരുന്നതാണ്. കോടിമത പാലം പണിതീരാത്ത പാലമെന്ന മട്ടിൽ അവിടെ നിൽക്കുകയാണ്. അതിൽ ചെറിയ ഒരു കാര്യമേയുള്ളൂ. അതിന്റെ താഴെ പി.ഡബ്ല്യു.ഡി. പുറംപോക്കിൽ രണ്ട് പാവപ്പെട്ട ആളുകൾ താമസിക്കുന്നുണ്ട്. ഒന്ന് ശ്രീമതി ആയിഷയും രണ്ടാമത് ശ്രീമതി കുഞ്ഞമ്മയുമാണ്. ശ്രീമതി കുഞ്ഞമ്മ ഒരു

പട്ടികജാതി വിധവയാണ്. രണ്ടുപേരും വിധവകളാണ്. അവരെ മാറ്റിത്താമസിപ്പിക്കാനുള്ള താമസമാണ് വന്നിരിക്കുന്ന ബുദ്ധിമുട്ട്. അതിനുവേണ്ടി അവിടെ ചില കോൺഫറൻസൊക്കെ നടന്നു. പക്ഷെ, കോൺഫറൻസ് വരും, ആളുകളെല്ലാം ആവേശത്തോടുകൂടി ഇപ്പോൾ മാറ്റിക്കളയുമെന്ന് പറയും. പക്ഷെ അവർ പിന്നീട് അതേപടി നിൽക്കും. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. അതിനുള്ള നടപടി അങ്ങ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വീഡിയോ കോൺഫറൻസിൽ കളക്ടറുമായി സംസാരിച്ചിരുന്ന കാര്യം എനിക്കറിയാം. അങ്ങയുടെകൂടി ഒരു സജഷൻ അതിനകത്ത് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തിന് ഒരു തീർപ്പുണ്ടാക്കി നഗരത്തിന്റെ മോചനത്തിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചിരിക്കുന്നത് കോട്ടയം നഗരത്തിൽ നടന്നുവരുന്ന ഒന്നിലേറെ വികസനപദ്ധതികളുടെ സമഗ്രമായ പൂർത്തീകരണത്തെപ്പറ്റിയാണ്. പ്രധാനപ്പെട്ട കോടിമത പാലത്തിലെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനത്തെ സ്പാൻ

പൂർത്തീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. അതിലാണ് പുറമ്പോക്കിൽ രണ്ട് കുടുംബങ്ങളുള്ളത്. വിധവകളായ രണ്ടുപേരാണുള്ളത്. അവരെ അവിടെനിന്നും മാറ്റി പാർപ്പിക്കേണ്ടതുണ്ട്. സാധാരണ അത് ഡിസ്ട്രിക് കളക്ടറുടെ ജോലിയാണ്. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് പുനരധിവാസത്തിനൊന്നും അധികാരമില്ല. റവന്യൂ വകുപ്പ്, ഡിസ്ട്രിക്ട് കളക്ടറാണ് അത് ചെയ്യേണ്ടത്. മുനിസിപ്പാലിറ്റിയും ചേർന്ന് ചെയ്യേണ്ടതാണ്. എന്തായാലും അത് ചെയ്തുകഴിഞ്ഞിട്ടില്ല. ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി അവർ സംസാരിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ നമുക്ക് കൂട്ടായിട്ടുള്ള ഒരു പരിശ്രമം നടത്തി കളക്ടറെക്കൊണ്ടുതന്നെ അവർക്ക് ആവശ്യമായ പുനരധിവാസം ഏർപ്പാട് ചെയ്തുകൊടുക്കേണ്ടതാണ്. ആ ഒരു പ്രശ്നമാണ് പ്രധാനമായിട്ടും അവശേഷിക്കുന്നത്. സ്ഥലം കിട്ടാത്തതുകൊണ്ട് തന്നെ ഒഴിവാക്കണമെന്ന് പറഞ്ഞ് കോൺട്രാക്ടർ ശ്രീ. മാത്യൂ കോര ഇപ്പോൾ ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തീരുമാനം എടുത്തിട്ടില്ല. അത് കളക്ടറുമായി ചർച്ച ചെയ്ത് അടിയന്തരമായി തീരുമാനമെടുത്താൽ മൂന്നാമത്തെ സ്പാനും പൂർത്തിയാക്കി വേഗംതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് അത് സംബന്ധിച്ച്

പറയാനുള്ളത്. ഇത് 2012 ഫെബ്രുവരി 8-ാം തീയതി ആരംഭിച്ച ജോലിയാണ്. അതായത് ഏകദേശം 6 വർഷക്കാലമായി. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ച് സ്പീഡായിട്ടുണ്ട്. അത് യാഥാർത്ഥ്യമാണ്. 9,24,00,000/- രൂപ അടങ്കലായിരുന്നു. റ്റി.എസ്. കൊടുത്തതൊക്കെ 2014-ലായിരുന്നു. റ്റി.എസ്. കൊടുത്ത് കരാർ ഒപ്പിട്ടതിനുശേഷം മൂന്നര വർഷമായി. 2018 മാർച്ച് 31-നാണ് ഇത് പൂർത്തിയാക്കേണ്ട പുതുക്കിക്കൊടുത്ത തീയതി. ചെറിയ വ്യത്യാസം വരും. കാരണം, ആളെ മാറ്റി സ്പാനിന്റെ പൂർത്തീകരണമുണ്ടാകണം. ഏതായാലും അത് പൂർത്തിയാക്കിയേ മതിയാകുകയുള്ളൂ. വീണ്ടും അത് അടിയന്തരമായി പരിശോധിക്കാമെന്നാണ് അത് സംബന്ധിച്ച് പറയാനുള്ളത്. പിന്നെ അങ്ങ് ഉന്നയിച്ചത് കോട്ടയം ഡെവലപ്മെന്റ് കോറിഡോർ റോഡിന്റെ കാര്യമാണ്. എംബാങ്ക്മെന്റ് ഡബ്ല്യു.എം.എം. വരെ തീർന്നിട്ടുള്ളതാണ്. അത് 2016 ആഗസ്റ്റ് 25-ന് ടാറിംഗ് ഒഴികെയെല്ലാം പൂർത്തീകരിച്ചതാണ്. ഈരയിൽകടവ് പാലവും പണി പൂർത്തീകരിച്ചിട്ടുണ്ട്. പാലവും കോറിഡോറുമായി ബന്ധിപ്പിക്കുന്ന അപ്രോച്ചും അതിനുശേഷം മണിപ്പുഴ വരെയുള്ള ഭാഗവും ഉപരിതലം ടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തിയും പൂർത്തീകരിക്കാനുണ്ട്. പാലത്തിന്റെ അപ്രോച്ച് ഉൾപ്പെടെ 800 മീറ്റർ നീളത്തിൽ ബി.എം.&ബി.സി.യും എം.എസ്.എസ്.ഉം ചെയ്യുന്നതിന് 160 ലക്ഷം

രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ച കഴിഞ്ഞാൽ അതിന്റെ കാര്യങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. ഇതിന് 2012-ൽ എ.എസ്. ഉം 2014-ൽ ടി.എസ്. ഉം കിട്ടിയിട്ടുണ്ട്. 2015 മാർച്ച് 31-ന് ആയിരുന്നു ഇത് കംപ്ലീഷൻ ചെയ്യേണ്ടിയിരുന്നത്. അത് നടന്നില്ലെന്നുള്ള കാര്യം ഞാൻ പറയേണ്ടതില്ലല്ലോ. എന്തായാലും ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പടിഞ്ഞാറൻ ബൈപ്പാസ്, പാറേച്ചാൽ, ഗ്രാമീൺചിറ പാലങ്ങളുടെ ഇടയിലുള്ള ഫില്ലിംഗ് ഭാഗം സംബന്ധിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. സിങ്കിംഗ് കാരണം രണ്ട് വർഷമായി ടാറിംഗ് നടത്താതെ പ്രസ്തുത പ്രവൃത്തി നിർത്തി വച്ചിരിക്കുകയായിരുന്നു. അവിടെയെല്ലാം സിങ്ക് ചെയ്യുന്ന സ്ഥലമാണ്. പാറേച്ചാൽ മുതൽ തിരുവാതുക്കൽ വരെയുള്ള ഭാഗം ബി.എം.&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്. പാറേച്ചാൽ മുതൽ ഗ്രാമീൺചിറ വരെയുള്ള ഭാഗത്ത് എം.എസ്.എസ്. രീതിയിൽ ടാറിംഗ് നടത്തുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. കരാറുകാരനോട് പ്രവൃത്തി പുനരാരംഭിക്കാനും ഈ മാസം 31 നുള്ളിൽ അത് പൂർത്തീകരിക്കാനും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭാഗം ടൈൽ

ചെയ്യുന്നതിനുള്ള നടപടി അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇത് 31.03.2018-നുള്ളിൽ നിർബന്ധമായും പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. മണ്ണ് ഫിൽ ചെയ്തത് സിങ്ക് ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ് ഞാൻ പറയുകയുണ്ടായത്. ഞങ്ങൾ പാലങ്ങളുടെ കാര്യത്തിൽ എക്സ്പെർട്ടായ ഡോ. അരവിന്ദനെ കൊണ്ടുവന്നിരുന്നു. അദ്ദേഹം അവിടെ സന്ദർശിച്ച് remedial measures പറഞ്ഞതനുസരിച്ച് പ്രീ ഫാബ്രിക്കേറ്റഡ് വെർട്ടിക്കൽ ഡ്രെയിനും സാന്റ് പൈലിംഗും അടിച്ചു. ബാലൻസിംഗ് ബീം നിർമ്മിക്കാൻ നിർദ്ദേശിച്ചെങ്കിലും വെറ്റ് ലാൻഡ് റോഡ് ആയതിനാൽ പാരിസ്ഥിതികാനുമതി ലഭിച്ചില്ല. ഇപ്പോൾ ടാറിംഗ് ആരംഭിച്ചു. ടൈൽസ് വിരിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു. 31.03.2018 ൽ അത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സിങ്കിംഗ് കാരണമാണ് കാലതാമസമുണ്ടായത്. എല്ലാ കാര്യങ്ങളും ഏകദേശം ഫൈനലിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ മൂന്ന് കാര്യങ്ങളും അതിവേഗം പൂർത്തീകരിച്ചുകൊണ്ട് സമഗ്ര വികസനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശാസ്ത്രി റോഡിന്റെ കാര്യം അങ്ങയുടെ സബ്മിഷനിൽ ഉണ്ടായിരുന്നില്ല. പക്ഷേ അതിവിടെ ഉന്നയിക്കുകയുണ്ടായി. അതിന്റെ എസ്റ്റിമേറ്റ് എടുത്തു തന്നാൽ ആവശ്യമായ പണം അനുവദിക്കുന്നതാണെന്നും ഞാനിവിടെ

പറയാനാഗ്രഹിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ ബി.എം.&ബി.സി.യും എം.എസ്.എ.ഉം ചെയ്യുന്ന കാര്യം അങ്ങിവിടെ പറയുകയുണ്ടായി. അത് മൊത്തത്തിൽ ബി.എം.&ബി.സി.യിൽ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒറിജിനൽ എസ്റ്റിമേറ്റിൽ ഇല്ലെങ്കിൽ നമുക്കത് പ്രത്യേകം പരിഗണിക്കാം. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉള്ളതല്ലേ കോൺട്രാക്ടർ ചെയ്യുകയുള്ളൂ. അക്കാര്യം പരിശോധിക്കാം.

നിയമഭേദഗതി

ശ്രീ. പി. കെ. ശശി: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിൽ പുതുതായി കൂട്ടിച്ചേർത്തിട്ടുള്ള 9(എ) വകുപ്പ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാനത്തിലെ ചുമട്ടു തൊഴിലാളികൾ സംസ്ഥാന വ്യാപകമായി ഒരു പ്രക്ഷോഭം തീരുമാനിച്ച ദിവസമായിരുന്നു ഇന്ന്. ബഹുമാന്യരായ വ്യവസായ, തൊഴിൽ വകുപ്പുമന്ത്രിമാരുമായി നടത്തിയ ചർച്ചയെ തുടർന്ന് തൊഴിലാളികൾക്ക് എതിരായുള്ള ഭാഗം അതിൽനിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് താൽക്കാലികമായി ആ

പ്രക്ഷോഭം പിൻവലിച്ചിട്ടുള്ളത്.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ലക്ഷ്യം വച്ച് കൊണ്ടുവന്നിട്ടുള്ള ഈ ബിൽ പൊതുവെ സ്വാഗതാർഹമാണ്. കാരണം കേരളം വളർച്ചയുടെ പാതയിലാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാ നിരയിലേയ്ക്ക് മൂലധനത്തെ ആകർഷിക്കാൻ സാധിക്കണം. അതിനായി നിലവിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കാനും ഇൻവെസ്റ്റ്മെന്റിനെ ആകർഷിക്കാനും ഉതകുന്ന തരത്തിൽ നിയമത്തിലും നടപടിക്രമങ്ങളിലും കാലോചിതമായ മാറ്റമുണ്ടാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ പുതുതായി കൊണ്ടുവന്ന ഈ ബില്ലിൽ 1978 ലെ കേരള ചുമട്ടുതൊഴിലാളി ആക്ടിലെ 9-ാം വകുപ്പിന് ശേഷം ഒരു 9(എ) വകുപ്പുകൂടി കൂട്ടിച്ചേർത്തിരിക്കുകയാണ്. പുതിയതായി കൂട്ടിച്ചേർത്ത വകുപ്പ് ബില്ലിൽനിന്ന് ഒഴിവാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ വകുപ്പനുസരിച്ച് ഏതൊരു തൊഴിലുടമയ്ക്കും സ്ഥാപനത്തിനും അവർക്ക് ഇഷ്ടപ്പെട്ട തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കാൻ സാധിക്കും. അങ്ങനെ വരുമ്പോൾ കഴിഞ്ഞ എത്രയോ വർഷങ്ങളായി ഈ രംഗത്ത് നിയമാനുസൃതമായി ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് എന്നെന്നേയ്ക്കുമായി അവരുടെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയാണുണ്ടാവുക. ഈ ഓർഡിനൻസ് വന്ന ഉടൻതന്നെ സംസ്ഥാനത്തിന്റെ

വിവിധ പ്രദേശങ്ങളിൽ ക്ഷേമബോർഡിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും വിവിധ സ്ഥാപനങ്ങളുമായി long term agreement വച്ചിട്ടുള്ള തൊഴിലാളികൾക്കും ഉൾപ്പടെ ജോലി നിഷേധിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒരിക്കലും സംസ്ഥാനത്തുണ്ടാകാൻ പാടില്ല. ഞാൻ ഒരു കാര്യം അംഗീകരിക്കുന്നു. തൊഴിൽ രംഗത്ത് പല തെറ്റായ രീതികളും നിലനിൽക്കുന്നുണ്ട് എന്നത് കാണാതിരിക്കുന്നില്ല. തൊഴിലാളികൾക്ക് വല്ലാത്ത അവമതിയുണ്ടാക്കുന്ന നോക്കുകൂലി ഉൾപ്പെടെയുള്ള ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നോക്കുകൂലി ഉൾപ്പെടെ തൊഴിൽ രംഗത്ത് നിലനിൽക്കുന്ന തെറ്റായ കാര്യങ്ങളെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് ഇക്കഴിഞ്ഞ ദിവസം നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയ്ക്കകത്ത് പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ ക്രെയിനും മറ്റ് യന്ത്രങ്ങളും ഉപയോഗിച്ച് ജോലി ചെയ്യിക്കുമ്പോൾ തൊഴിലാളി ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റില്ല. പക്ഷേ ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്. എന്നുമാത്രമല്ല, കേരളത്തിലെ ഒരു ട്രേഡ് യൂണിയനും ഇത്തരം തെറ്റായ രീതികളെ ഒരിക്കലും അംഗീകരിക്കുന്നില്ല. ഈ ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിക്കാനുള്ള ശ്രമം നമ്മുടെ സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്.

ഇത്തരം തെറ്റായ സമ്പ്രദായങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

26 (എ) പ്രകാരം കാർഡുള്ള അംഗീകൃത കയറ്റിറക്ക് തൊഴിലാളികൾക്ക് അവരുടെ തൊഴിലും കൂലിയും നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. നിലവിലുള്ള 9-ാം വകുപ്പിൽ കൂട്ടിച്ചേർത്തിട്ടുള്ള 9(എ) വകുപ്പ് അംഗീകരിക്ക പ്പെട്ടാൽ ചുമട്ടുതൊഴിലാളിക്ക് ജോലിയുണ്ടാകില്ല. അതോടുകൂടി തൊഴിലാളി ക്ഷേമബോർഡ്തന്നെ ഇല്ലാതാകും. തൊഴിലെടുക്കുന്നവന്റെ വേദനയും വികാരവും കാണുന്ന, തൊഴിലാളികളുടെ അവകാശ സമരങ്ങളുടെ ഊഷ്മാവറിയുന്ന ഒരു സർക്കാർ എന്നുള്ള നിലയിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ ബില്ലിൽനിന്ന് 9(എ) വകുപ്പ് ഒഴിവാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിൽ അനായാസം വ്യവസായം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടി പഠനം നടത്തുകയും അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് സംസ്ഥാനത്ത് നിലവിലുള്ള 7 നിയമങ്ങളിൽ ഭേദഗതി വരുത്തി The Kerala Investment

Promotion and Facilitation Ordinance-2017 പുറപ്പെടുവിക്കുകയുണ്ടായി. ആയത് 14-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ The Kerala Investment Promotion and Facilitation Bill -ആയി അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ബില്ലിൽ 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ 9-ാം വകുപ്പിന് ശേഷം 9(എ) എന്ന് പുതുതായി ഒരു വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. ഈ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി സ്വന്തം തൊഴിലാളികളെയോ മെഷിനറിയോ ഉപയോഗിക്കാം. ചുമട്ടുതൊഴിലാളികളെയും ഈ ജോലിക്ക് നിയമിക്കുന്നതിൽ തടസ്സമില്ല. സർക്കാർ നിശ്ചയിക്കുന്ന മിനിമം കൂലി നൽകണം. ബില്ലിന്റെ അവതരണ വേളയിലെ ചർച്ചയിൽത്തന്നെ ഇത് തൊഴിലാളികളെ ബാധിക്കുന്നതാണെന്നുള്ള വിമർശനം ഉന്നയിക്കുകയും സഭയിൽത്തന്നെ സർക്കാർ നിലപാട് വ്യക്തമാക്കുകയും ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് എത്തുമ്പോൾ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന രീതിയിൽ ഏതെങ്കിലും വിഷയങ്ങൾ ഉണ്ടെങ്കിൽ ആവശ്യമായ വ്യക്തത വരുത്താമെന്ന് അന്ന് സഭയിൽ പറഞ്ഞിരുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് തൊഴിലാളി യൂണിയനുകളെല്ലാം സർക്കാരിന്റെ മുൻപിൽ പരാതികൾ ഉന്നയിച്ചിട്ടുള്ളതും ഇതുസംബന്ധിച്ച് സഭയിൽവച്ച് സർക്കാർ നൽകിയ ഉറപ്പ് അവരെ അറിയിക്കുകയും ചെയ്തു.

ബഹുമാന്യനായ എം.എൽ.എ. ശ്രീ. പി. കെ. ശശി ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനാ നേതാക്കൾ ഈ ആവശ്യവുമായി സർക്കാരിനെ സമീപിക്കുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി സർക്കാരിന്റെ ഉറപ്പിനെ തുടർന്ന് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന അവരുടെ സമരം മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലാണ്. വിഷയ നിർണ്ണയ സമിതി ഇക്കാര്യം പരിശോധിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലിൽ ആവശ്യമായ ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തി, തൊഴിലാളികളെ ബാധിക്കുന്ന ഏതെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ ആ വിഷയം പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്ന കാര്യം സർക്കാർ അറിയിക്കുകയാണ്.

ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

ശ്രീ. അനൂപ് ജേക്കബ്: സർ, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഞാൻ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുന്ന സന്ദർഭത്തിൽ അന്ന് ചില ഭൂവുടമകൾക്ക് നൽകിയ അഡ്വാൻസ് തുക ഒഴിച്ചാൽ യാതൊരു പുരോഗതിയും കഴിഞ്ഞ രണ്ട്

വർഷത്തിനിടയ്ക്ക് ഇക്കാര്യത്തിൽ വന്നിട്ടില്ല. 90 കോടി രൂപ ഇതിന്റെ വിതരണത്തിനായി ഗവൺമെന്റ് നീക്കി വച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ഭൂവുടമകൾക്ക് ഇതിന്റെ തുക നൽകുവാനുള്ള നടപടികൾ ഇപ്പോഴും മന്ദഗതിയിൽത്തന്നെ നിൽക്കുകയാണ്. ഈ ഭൂമി നെഗോഷിയേറ്റ് പർച്ചേസാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നെഗോഷിയേറ്റ് പർച്ചേസിൽ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്യാൻ കഴിയുമോ ഇല്ലയോ എന്നുള്ള ആശയ കുഴപ്പമാണ് ഇപ്പോൾ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ളതെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഇതിനെ സംബന്ധിച്ച് ലോ സെക്രട്ടറിക്ക് അവർ കത്തയച്ചു. ലോ സെക്രട്ടറി റവന്യൂ സെക്രട്ടറിക്ക് മറുപടി നൽകിയെങ്കിലും ക്ലാരിഫിക്കേഷനുവേണ്ടി വീണ്ടും ലോ സെക്രട്ടറിക്ക് ഫയൽ പോയിരിക്കുന്നു. അങ്ങനെ സെക്രട്ടറിമാർ തമ്മിൽ എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കുന്നതല്ലാതെ യാതൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇന്നിവിടെ സബ്മിഷൻ ഉന്നയിച്ചതുകൊണ്ടാണെന്ന് തോന്നുന്നു, ഇന്നലെ ആമ്പല്ലൂരിലെ ചില ഭൂവുടകകളെ കെ.എസ്.ഐ.ഡി.സി.യിലെ ഉദ്യോഗസ്ഥർ വിളിച്ച് ഇന്ന് അങ്ങോട്ട് വരുന്നുണ്ടെന്ന് പറയുകയുണ്ടായി.

2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

വസ്തുതാ വിരുദ്ധമായ ഒരു സ്റ്റേറ്റുമെന്റ് പറയുകയുണ്ടായി. അതിലെ 82-ാം പേജിൽ 'ആമ്പല്ലൂരുള്ള 100 ഏക്കർ ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്' എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രസംഗിക്കുകയുണ്ടായി. സഭയെ തെറ്റിദ്ധരിപ്പിച്ച നിലയിലുള്ള പ്രസ്താവനയാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അക്കാര്യം ഞാൻ ബഡ്ജറ്റ് ചർച്ചാ വേളയിൽ ചൂണ്ടിക്കാട്ടിയെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും മറുപടി ലഭിച്ചില്ല. ഇതെങ്ങനെ കടന്നുകൂടി എന്ന് അങ്ങ് പരിശോധിക്കണം. ഭൂമിപോലും ഏറ്റെടുക്കാതെ എങ്ങനെയാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്? ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന മറുപടിയാണല്ലോ മന്ത്രി ഇവിടെ വായിക്കുന്നത്. ഇതിനുകാരണം കെ.എസ്.ഐ.ഡി.സി.യുടെ സമീപനമാണ്. എത്ര ലാഘവ ബുദ്ധിയോടെയാണ് ഇത്രയും വലിയൊരു പദ്ധതിയെ കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥർ കാണുന്നതെന്ന് അങ്ങ് മനസ്സിലാക്കണം. ഹാർഡ്‌വെയർ പാർക്കിന് വലിയ രീതിയിലുള്ള പുരോഗതി കൊടുക്കാൻ പോകുന്നു എന്ന് 128-മത്തെ പാരഗ്രാഫിൽ ഗവൺമെന്റ് തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയായി ഈ പദ്ധതിയെ നമുക്ക് കാണാൻ കഴിയും. ഗവൺമെന്റ് എന്ത് ലക്ഷ്യം വയ്ക്കുന്നുവോ അതിലേയ്ക്ക് എത്തിക്കാൻ കഴിയാത്ത നിലയിലേയ്ക്കാണ്

കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി ടേക്ക് ഓഫ് ചെയ്യാനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്. പദ്ധതി തുടങ്ങിയ കളത്തിൽതന്നെ നിൽക്കുകയാണ്. അതിന്റെ രണ്ടാമത്തെ കളത്തിലേയ്ക്ക്പോലും കാലെടുത്ത് വയ്ക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങയുടെ സജീവമായ ഇടപെടലുകളും ശ്രദ്ധയും ഇക്കാര്യത്തിലുണ്ടായി ഈ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എറണാകുളം ജില്ലയിൽ ആമ്പല്ലൂർ വില്ലേജിൽ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് പദ്ധതി വിഭാവനം ചെയ്ത് ഫാസ്റ്റ്ട്രാക്ക് പ്രകാരം 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിറങ്ങിയത് 2011- ലാണ്. എന്നാൽ പദ്ധതി പ്രദേശം പരിസ്ഥിതി ലോല മേഖലയായി റാംസർ കൺവെൻഷൻ പ്രഖ്യാപിച്ചതാണെന്ന ആക്ഷേപം ഉയരുകയുണ്ടായി. തുടർന്ന് അത്തരത്തിലുള്ള ഭൂമിയല്ലെന്ന അറിയിപ്പ് 2013-ലാണ് പരിസ്ഥിതിവകുപ്പ് നൽകിയത്. 18-12-2017 ലേയും 31-3-2018 ലേയും സർക്കാർ ഉത്തരവുകൾ മുഖേന പദ്ധതിക്കുവേണ്ടി 100 ഏക്കർ സ്ഥലം നെഗോഷ്യയേറ്റ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കാൻ

ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ഡിസ്ട്രിക്ട് ലാൻഡ് പർച്ചേസ് കമ്മിറ്റിയോഗം കൂടുകയും ഭൂമിയുടെ നഷ്ടപരിഹാരത്തുക നിശ്ചയിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച്, കെ.എസ്.ഐ.ഡി.സി. സ്ഥലമെടുപ്പ് നടപടി തുടങ്ങി വയ്ക്കുകയും, 15 ഭൂ ഉടമകളിൽ നിന്ന് 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാർ എഴുതുകയും ഭൂമി വിലയുടെ 50% തുകയായ 8.26 കോടി രൂപ ഉടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി.സി. മുന്നോട്ടു വച്ച ഭൂമി നിരക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചു. ഇതുകൂടാതെ മൂന്ന് വിഭാഗത്തിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി.എൽ.പി.സി. തീരുമാനിക്കുകയും എസ്.എൽ.ഇ.സി.യിൽ അംഗീകാരം ലഭിക്കാനുള്ള നടപടികളെടുത്ത് വരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം മെഗാ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ട് മുഖേന 90 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിലുണ്ടായിട്ടുള്ള കാലതാമസവും സാങ്കേതികമായ തടസ്സങ്ങളും നീക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കഴിയുന്നത്ര വേഗം പാർക്കിന്റെ നിർമ്മാണം നടത്തണമെന്നു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത് അതിനാവശ്യമായ അടിയന്തര നടപടി

സ്വീകരിക്കുന്നതാണ്.

ടെക്സ്റ്റൈൽ മില്ലുകളിലെ വേതനം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നവ ഉദാരവൽക്കരണത്തിന്റെ ഭാഗമായി ടെക്സ്റ്റൈൽ രംഗമാകെ പ്രതിസന്ധിയിലാണ്. ജോലിക്കും കൂലിക്കും വലിയ പ്രയാസം നേരിടുന്നുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റേയും ടെക്സ് ഫെഡിന്റേയും എൻ.ടി.സി.യുടേയും ടെക്സ്റ്റൈൽ മില്ലുകളിലെ പ്രതിസന്ധി പരിഹരിക്കാനും സർക്കാരിന്റെ ഇടപെടൽ ത്വരിതപ്പെടുത്താനുമാണ് ഈ സബ്മിഷൻ. മാനേജ്മെന്റുകൾ കാര്യക്ഷമമാക്കണം, മില്ലുകളുടെ നവീകരണത്തിന് സർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും 2014- ലെ ബോണസ്സ് കുടിശികയായ 3,500/-ൽപ്പരം രൂപ വിതരണം ചെയ്യാനും നടപടിയുണ്ടാകണം. മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി മിനിമം വേതനം 18,000/- രൂപയായി നിശ്ചയിക്കാനും ശമ്പളം, ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശിക എന്നിവ ഉടൻ നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം. കേരള സംസ്ഥാന ടെക്സ്റ്റൈൽ തൊഴിലാളി സംയുക്ത ഫെഡറേഷൻ ഒരു സമരത്തിന്റെ വക്കിലാണ്. എന്റെ മണ്ഡലത്തിലെ സിഡ്കോ, വർക്കിംഗ് ക്യാപിറ്റൽ ഇല്ലാതെ ബുദ്ധിമുട്ടുകയാണ്. നിരവധി നിവേദനങ്ങൾ

മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്, ഇതിന് പരിഹാരം കാണണം. സർക്കാരിന്റെ നയപരമായ ഇടപെടൽ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരള സർക്കാരിന്റെ ധന സഹായത്തോടെ പൊതു മേഖലയിലും സഹകരണ മേഖലയിലുംകൂടി 17 മില്ലുകൾ സ്ഥാപിക്കുകയും 15 മില്ലുകൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 297228 സ്പിൻഡിലുകൾ, 680 റോട്ടറുകൾ, 614 യന്ത്രത്തറികൾ എന്നിവ സ്ഥാപിച്ചിട്ടുള്ള ഈ മില്ലുകളിൽ 5000 ത്തോളം പേർക്ക് നേരിട്ടും 15000 ൽ അധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുന്നു. ഉദ്ദമ സ്പിന്നിംഗ് മിൽ; ഹൈടെക് സ്പിന്നിംഗ് & പവർ ലൂം, പിണറായി; കോമളപുരം സ്പിന്നിംഗ് & പവർ ലൂം എന്നീ മില്ലുകൾ എത്രയും പെട്ടന്ന് തുറക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്.

2017 ജൂൺ മാസംവരെ ഇന്ത്യയിൽ 682 ടെക്സ്റ്റൈൽ മില്ലുകൾ അടച്ചു പൂട്ടപ്പെട്ടുവെന്നാണ് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രിതന്നെ ലോകസഭയിൽ പ്രസ്താവിച്ചത്. കേന്ദ്ര നയങ്ങളുടെ പ്രതികൂല സാഹചര്യങ്ങൾ, അനിയന്ത്രിതമായ കോട്ടൺ കയറ്റുമതി, ബഹുരാഷ്ട്ര ഏജൻസികളുടെ ഊഹക്കച്ചവടം, നോട്ട്

അസാധുവാക്കൽ, ജി.എസ്.ടി. നടപ്പാക്കൽ തുടങ്ങി വിവിധങ്ങളായ കാരണങ്ങൾ കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ തളർത്തുകയുണ്ടായി. കൂടാതെ പരുത്തിയുടെ വില വർദ്ധനവും ആനുപാതികമായി നൂലിന് വില ലഭിക്കാത്ത അവസ്ഥയും ഇതിന്റെ ഫലമായി തുടർച്ചയായുള്ള നഷ്ടവും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും ഗുണമേന്മയുള്ള പരുത്തി യഥേഷ്ടം ലഭിക്കാത്തതും മെഷീനുകളുടെ കാലപ്പഴക്കവും മില്ലുകളുടെ ഉല്പാദനശേഷി കുറയ്ക്കുകയും ഒപ്പം ഉൽപ്പാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. പ്രവർത്തന മൂലധനത്തിൽ വൻ ചോർച്ച സംഭവിക്കുകയും അതുവഴി വൻ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന മില്ലുകൾക്ക് തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി തുടങ്ങിയ വിഹിതങ്ങൾ, ശമ്പള കുടിശിക, വൈദ്യുതി ചാർജ്ജുകൾ ഉൾപ്പെടെ യഥാസമയം അടയ്ക്കാൻ കഴിയാതെവന്ന കുടിശിക തുക ഇപ്പോൾ സർക്കാർ സഹായത്തോടെ തീർത്തുകൊണ്ടിരിക്കുകയാണ്.

സർക്കാർ ധന സഹായത്തോടെ പ്രവർത്തിക്കുന്ന കേരളത്തിലെ മില്ലുകളിൽ മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സിട്രാ (സൗത്ത് ഇന്ത്യൻ ടെക്സ്റ്റൈൽസ് റിസർച്ച് അസോസിയേഷൻ) മാനദണ്ഡങ്ങൾ അനുസരിച്ച്, താരതമ്യേന ഉയർന്ന നിരക്കിൽ കൂലിയും എന്നാൽ തൊഴിലിലും മെഷീനറിയിലും കുറഞ്ഞ ഉൽപ്പാദന ക്ഷമതയുമാണ്. ഇതുമൂലം ഉൽപ്പാദന ചെലവ് കൂടുതലാണ്. എന്നാലും കേരളത്തിലെ

ടെക്സ്റ്റൈൽ മില്ലുകളിലെ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം ട്രേഡ് യൂണിയനുകൾ, തൊഴിൽ വകുപ്പ്, മാനേജ്മെന്റുകൾ എന്നിവർ തമ്മിലുണ്ടാകുന്ന ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കെ.എസ്.ടി.സി.-ൽ 2015 ഡിസംബറിലും സഹകരണ മില്ലുകളുടെ കാര്യത്തിൽ 2016 ഫെബ്രുവരിയിലുമാണ് കരാർ കാലാവധി കഴിഞ്ഞത്. ഇതിനിടയിൽ ഐ.ആർ.സി. തീരുമാനപ്രകാരം 1600 രൂപ ഇടക്കാല വേതന വർദ്ധനവ് 2013 നവംബർ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലയിൽ അടുത്ത ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ടെക്സ്റ്റൈൽ ബന്ധ സമിതി (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി-IRC) അഡീഷണൽ ലേബർ കമ്മീഷണർ ചെയർമാനായി ട്രേഡ് യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട ഉപസമിതി രൂപീകരിക്കുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സമിതിയുടെ ശിപാർശകൾ ലഭ്യമായാൽ അവ പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

ഓരോ വർഷവും സർക്കാർ പ്രഖ്യാപിക്കുന്ന മുറയ്ക്ക് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി പരസ്പരം ആലോചിച്ച് ബോണസ് നൽകി വരുന്നു. കേന്ദ്ര സർക്കാർ ബോണസ് നിയമം ഭേദഗതി ചെയ്തപ്പോൾ 2014-ൽ മുൻകാല പ്രാബല്യം നൽകിയതിനെതിരേ കോയമ്പത്തൂരിലെ തൊഴിലുടമകൾ ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2014-ലെ കുടിശിക നൽകാൻ ബാക്കിയുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയും തുടർന്ന് ശ്രീ. നന്ദകുമാർ ചെയർമാനായി ഒരു എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും അവർ നൽകിയ സമഗ്രമായ റിപ്പോർട്ട് വിവിധ തലത്തിൽ ചർച്ച നടത്തുകയും സർക്കാർ അംഗീകരിക്കുകയും അതിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുകയുമാണ്. കോട്ടൺ പൊതുവായി വാങ്ങുന്നതിനുള്ള കമ്മിറ്റി പുന:സംഘടിപ്പിച്ചു. അതുവഴി 15 കോടി രൂപ സർക്കാർ നൽകിയതിന്റെ ഫലമായി കോട്ടൺ വാങ്ങി മില്ലുകൾക്കു നൽകുകയുണ്ടായി. ഈ സർക്കാർ വന്നതിനുശേഷം പ്രവർത്തന മൂലധനമായും റിപ്പയർ & മെയിന്റനൻസായും പൊതു സഹകരണ മേഖലാ സ്പിന്നിംഗ് മില്ലുകൾക്കായി 27 കോടി 80 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മില്ലുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചു വരികയാണ്. നവീകരണ പ്രവർത്തനത്തിനായി 20 കോടിരൂപ, കോട്ടൺ വാങ്ങുന്നതുൾപ്പെടെ 90 കോടി അടുത്ത വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്. മില്ലുകളുടെ നവീകരണത്തോടൊപ്പം തൊഴിലാളികളുടെ

ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

ഭവനശ്രീ വായ്പാ ആനുകൂല്യങ്ങൾ

ശ്രീമതി. പി. അയിഷാ പോറ്റി: സർ, രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2005-ൽ കുടുംബശ്രീ, സി.ഡി.എസ്. മുഖാന്തിരം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഭവനശ്രീ വായ്പ അനുസരിച്ചുള്ള തുക സർക്കാർ ഏറ്റെടുക്കാൻ 2010-11 -ൽ തീരുമാനമായിരുന്നു. അതനുസരിച്ച് ഈ സ്കീമിൽ വിവിധ ബാങ്കുകളിൽ നിന്നെടുത്തിരുന്ന പണത്തിൽ ഉമ്മന്നൂർ പഞ്ചായത്തിലെ കോർപ്പറേഷൻ ബാങ്ക് ഒഴികെയുള്ള ബാങ്കുകളിൽ ഈ പണം പലിശസഹിതംകൊടുത്ത് സർക്കാർ റിലീസ് ചെയ്യുകയും ചെയ്തു. എന്നാൽ കോർപ്പറേഷൻ ബാങ്കിലെ 35 ഗുണഭോക്താക്കളുടെ പണം നാളിതുവരെ തിരിച്ചു കിട്ടിയിട്ടില്ല. അവരൊക്കെ ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുക യാണ്. വളരെ ദരിദ്രരായിട്ടുള്ള കുടുംബങ്ങളാണവർ. ഇവർക്ക് പ്രമാണം തിരിച്ചു കിട്ടാൻ ഒരു മാർഗ്ഗവുമില്ലാത്ത സ്ഥിതിയാണ്. 18-5-2017-ൽ ഇത് പരിഹരിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷേ നാളിതുവരെ പരിഹരിക്കപ്പെട്ടില്ല. ഈ പദ്ധതി പ്രകാരം കോർപ്പറേഷൻ ബാങ്കിൽ കൊടുക്കാനുള്ള തുക സംബന്ധിച്ച്

തീരുമാനമാക്കിക്കൊണ്ട് ഇവർക്ക് പ്രമാണം തിരിച്ചുകിട്ടാനുള്ള അടിയന്തര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭവനശ്രീ ഗുണഭോക്താക്കൾക്ക് തുക നൽകാൻ ആവശ്യമായിട്ടുള്ള ത്രികക്ഷി കരാറിന്റെ മാതൃക നിയമവകുപ്പിൽ പരിശോധിച്ചു വരികയാണ്. അത് അംഗീകരിക്കുന്ന മുറയ്ക്ക് വായ്പാ തുക ബാങ്കുകൾക്ക് നൽകാനും പ്രമാണം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും സാധിക്കും.

പരസ്യ ബോർഡുകൾക്ക് നിയന്ത്രണം

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, വ്യാപാര സംബന്ധമായ ഏത് ഉപഭോക്തൃ സമൂഹത്തിലും പരസ്യം അനിവാര്യമായ ഘടകമാണ്. പൊതു ജനങ്ങളെ വിവരങ്ങൾ അറിയിക്കുന്നതിനായി സർക്കാരും പരസ്യങ്ങൾ ഉപയോഗിക്കുന്നു. ഉപഭോക്താക്കളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ പരസ്യപ്പലകകൾ ലോകത്തെവിടെയും വളരെ ആകർഷകമായ രീതിയിൽ സാധാരണമാണെങ്കിലും നമ്മുടെ നാട്ടിലെപ്പോലെ വ്യവസ്ഥാരഹിതമായല്ല അവയൊന്നുംതന്നെ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കാഴ്ചയും കാറ്റും മറച്ച്, വഴിയരികിലും വയലിലും

കെട്ടിടങ്ങൾക്ക് മുകളിലും വൈദ്യുതിക്കാലിലും എന്നുവേണ്ട നടപ്പാതയിലെ കമ്പിയഴികളിൽപ്പോലും അവ സ്ഥാപിക്കപ്പെടുന്നു. അതുമാത്രവുമല്ല, പല പരസ്യങ്ങളും കുടുംബസമേതം മക്കളെയിരുത്തി വണ്ടിയിൽപ്പോകുമ്പോൾ കാണാൻ പോലും പറ്റാത്ത രൂപത്തിൽ സെക്സിനെ ഉദ്ദീപിപ്പിക്കുന്ന വിധത്തിലും ഉടുതുണി അഴിച്ചിട്ടുകൊണ്ട് പല രൂപത്തിലുള്ള മോഡലുകളും അത്തരം പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അസ്ഥാനത്ത് സ്ഥാപിക്കപ്പെടുന്ന ഇതുപോലെയുള്ള കൂറ്റൻ പരസ്യപ്പലകകൾ ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിച്ച് അപകടങ്ങൾ വരുത്താതിരിക്കാൻ, ദിശാസൂചികാ ബോർഡുകൾ മറയ്ക്കാതിരിക്കാൻ, ശക്തമായ കാറ്റിൽ കാൽനട യാത്രക്കാരുടെയും വാഹനങ്ങളുടെയും മേൽ ഇവ മറിഞ്ഞു വീണ് വൻദുരന്തങ്ങൾ ഉണ്ടാകുന്നത് ഇല്ലാതാക്കാൻ വേണ്ടി ഇവ സ്ഥാപിക്കുന്നതിന് കൃത്യമായ വ്യവസ്ഥകൾ കൂടിയേതീരൂ. കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പരസ്യപ്പലകകൾ സ്ഥാപിക്കാൻ അനുമതി നൽകുന്നത്. വ്യവസ്ഥകൾ പാലിക്കാതെയും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താതെയും അവ സ്ഥാപിക്കുന്നതിന് പിന്നിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദാസീനതയുണ്ട്. ഇന്ത്യയിൽ ഏറ്റവും മികച്ച വെളിസ്ഥല പരസ്യ നയമുള്ളത് ഡൽഹിയിലാണ്. ഇന്ത്യയിലെ ഒട്ടേറെ നഗരസഭകൾ ഇക്കാര്യത്തിൽ ഡൽഹി

മാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. അമേരിക്ക അടക്കമുള്ള വികസിത രാജ്യങ്ങളും അതിശക്തമായ നയങ്ങളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. വ്യവസ്ഥാ രഹിതമായി സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് അഗ്നിരക്ഷാസേന ചില ശിപാർശകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതായി അറിഞ്ഞു. ഇവ പരിശോധിച്ച് ആധുനിക നഗര സംവിധാനത്തിനും ജീവിത പരിസ്ഥിതി സങ്കൽപ്പങ്ങൾക്കും അനുഗുണമായവ നടപ്പാക്കാൻ സർക്കാർ മുന്നോട്ടു വരണം. അതുമാത്രമല്ല, ആതുരാലയങ്ങളുടേതായി വേറേയും ചില പരസ്യങ്ങളുണ്ട്, നിങ്ങൾക്ക് വിയർക്കുകയാണോ, എങ്കിൽ അറ്റാക്കാകാം, നിങ്ങൾ ഒന്നിൽക്കൂടുതൽ തവണ മൂത്രമൊഴിക്കുന്നുണ്ടോ, എങ്കിൽ ഡയാലിസിസ് വേണ്ടി വരും, നിങ്ങൾക്ക് ക്ഷീണമാണോ, എങ്കിൽ നിങ്ങൾ കുഴഞ്ഞു വീണ് മരിച്ചേക്കാം.. എന്നിങ്ങനെ ഭയപ്പെടുത്തുന്ന രൂപത്തിലുള്ള പരസ്യങ്ങൾ കാണുകയാണ്. ഇതിനൊക്കെയൊരു നിയന്ത്രണം വേണം. ഈ പരസ്യപ്പലക സംസ്കാരം നിയന്ത്രിക്കണം. അതേസമയം പരസ്യം നൽകുന്നവരുടെയും, ഉപോഭോക്താക്കളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറേപ്പേരുടെയും താല്പര്യം സംരക്ഷിച്ചു കൊണ്ടുകൂടിയാകണം സർക്കാരിന്റെ നിയന്ത്രണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ), ചട്ടം (3) പ്രകാരം മുൻസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒരുതരത്തിലുള്ള പ്രയാസവും പൊതുജനങ്ങൾക്കുണ്ടാകാത്ത വിധത്തിൽ മാത്രമേ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കാൻ പാടുള്ളൂ. അനധികൃതമായി സ്ഥാപിക്കുന്ന ബോർഡുകളും കമാനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നീക്കം ചെയ്യാൻ അധികാരമുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 275 വകുപ്പ് പ്രകാരവും കേരള പഞ്ചായത്തുരാജ് ആക്ട് 209 (സി) വകുപ്പ് പ്രകാരവും നിയമവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ നീക്കംചെയ്യുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് കർശനമായ നിർദ്ദേശം നൽകുന്നതാണ്.

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ കേണിച്ചിറയിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പൂതാടി

പഞ്ചായത്തിലെ ജനങ്ങൾ കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെടുന്നത് മറ്റ് നാല് പഞ്ചായത്തുകളിലാണ്, ബത്തേരി, പുൽപ്പള്ളി, പനമരം, മീനങ്ങാടി എന്നിവിടങ്ങളിലാണ്. ഇപ്പോൾ കേണിച്ചിറയിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതേപോലെ സബ്മിഷൻ ഉന്നയിച്ചപ്പോൾ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ഒരു ഓവർസിയറോടുകൂടിയ പേയ്മെന്റ് ആഫീസ് അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ട്. ബഹുമാന്യനായ മന്ത്രി, വയനാട് ജില്ലയിലെ അമ്പലവയലിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിന് വന്നപ്പോൾ കേണിച്ചിറയിലെ വ്യാപാരികളും വ്യവസായ സമിതിയുമെല്ലാം ചേർന്ന് ഒരു നിവേദനം സമർപ്പിച്ചിരുന്നു. ഇതിന്റെ ഗൗരവം അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ പിന്നോക്ക പഞ്ചായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.-യുടെ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, പൂതാടി പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും നിലവിൽ മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ്. ഇതു കൂടാതെ പനമരം, സുൽത്താൻബത്തേരി, വെസ്റ്റ് പുൽപ്പള്ളി, കമ്പളങ്ങാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽപ്പെടുന്ന

ഉപഭോക്താക്കളും പൂതാടി പഞ്ചായത്തിലുണ്ട്. നിലവിൽ മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷനിൽ ആകെ 19026 ഉപഭോക്താക്കളാണുള്ളത്. പനമരം ഇലക്ട്രിക്കൽ സെക്ഷനിൽ 13700 ഉം ഉപഭോക്താക്കളുണ്ട്. സുൽത്താൻബത്തേരി വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ 14655 ഉപഭോക്താക്കളും പുൽപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ 17650 ഉപഭോക്താക്കളും കമ്പളങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ 13339 ഉപഭോക്താക്കളുമാണുള്ളത്. നിലവിലെ മാനദണ്ഡമനുസരിച്ച് ഈ സെക്ഷനുകളൊന്നും വിഭജിക്കേണ്ട സാഹചര്യമില്ലെന്നാണ് ബോർഡ് കരുതുന്നത്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ഈ പ്രശ്നത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.